ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലായി പട്ടികജാതി വകുപ്പിന്റെ കീഴിൽ 4 പി.ഇ.ടി.സി.-കൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒന്നും പ്രവർത്തിക്കുന്നില്ല.

(ബി) വിവിധ കോഴ്സുകളിൽ ഏകദേശം ആയിരത്തോളം വിദ്യാർത്ഥികൾ പരിശീലനം നടത്തുന്നു. ഇതിൽ 13 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

(സി) 2014-2015 സാമ്പത്തിക വർഷം 69,20,424 രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ഡി) പരിഗണിച്ചു വരുന്നു.

കുറുങ്ങോട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം

292 (990) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടിയിലെ കുറുങ്ങോട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എ.എസ്. ലഭിച്ച പദ്ധതി സംബന്ധിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ തലത്തിൽ നടന്നുവരുന്ന നടപടികൾ സംബന്ധിച്ചും വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡി.എസ്.സി. ഡെവലപ്മെന്റ് ഡയറക്ടർക്ക് നൽകിയ 29-8-2014-ലെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കറവങ്ങാട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 18-2-2014-ലെ ഡയറക്ടറുടെ നടപടി ഉത്തരവു പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

(ബി) 155 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 18-2-2014-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് തുക അനുവദിച്ച് നൽകിയിരുന്നുവെങ്കിലും 2012-ലെ എസ്.ഒ.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക ആയതിനാലും DSR 2013-ൽ നിലവിൽ വരികയും ചെയ്തതിനാലും 2013-എസ്.ഒ.ആർ പ്രകാരം 1,65,25,000 രൂപയായി വർദ്ധിച്ചതായി അറിയിച്ചും കൂടുതലായി 10.25 ലക്ഷം തുക കൂടി ആവശ്യപ്പെട്ടുള്ളതിനാലും 2014 എസ്.ഒ.ആർ. പ്രകാരം 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിനാലും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) DSR 2013 അനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനമില്ലാതെ തുക ആവശ്യപ്പെട്ട് അപേക്ഷിച്ചതിനാലും 1-4-2014 മുതൽ പ്രാബല്യമുള്ള 2014-ലെ ഏറ്റവും പുതിയ SOR നിലവിൽ വന്നിരുന്നതിനാലും പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർവ്വാഹമില്ലാതെ വരുകയും ചെയ്തു. തുടർന്ന് 2014 CPWD റേറ്റ് പ്രകാരം കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 193 ലക്ഷം രൂപയുടെ പുതിയ എസ്റ്റിമേറ്റ് സഹിതമുള്ള 18-12-2014-ലെ CC/GM/EKM/312/010/2502 നമ്പർ ശിപാർശ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽനിന്നും ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യം അനുവദിച്ച 155 ലക്ഷം രൂപയുടെ എ.എസ്-ന് പുറമേ അധികമായി വേണ്ടിവരുന്ന 38 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതി

293 (991) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക സമുദായ കോർപ്പസ്ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്